**അവകാശലംഘന പ്രശ്നങ്ങൾ**

ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: 2023 ഡിസംബർ 23-ന് കെ.പി.സി.സി. സംഘടിപ്പിച്ച ഡി.ജി.പി. ഓഫീസ് മാർച്ചിൽ പങ്കെടുത്ത ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികൾക്കെതിരെ പോലീസ് നടത്തിയ അതിക്രമം സഭയോടും സഭാംഗങ്ങളോടുമുള്ള അവഹേളനമാകയാൽ ആയതിന് ഉത്തരവാദികളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. സമർപ്പിച്ച നോട്ടീസ്, പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളന കാലയളവിൽ 29-01-2024-ലെ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി തേടിക്കൊണ്ടുള്ള ചർച്ച നടക്കുന്ന അവസരത്തിൽ വസ്തുതാവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുമുള്ള മറുപടി നൽകിയ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. സമർപ്പിച്ച നോട്ടീസ്, 20-01-2024-ൽ കോലഞ്ചേരിയിൽവച്ച് നടത്തിയ പ്രസംഗത്തിൽ തനിക്കെതിരെ തീർത്തും

അധിക്ഷേപകരവും അപകീർത്തികരവുമായ പരാമർശങ്ങൾ നടത്തിയ ശ്രീ. സാബു എം. ജേക്കബിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. സമർപ്പിച്ച നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.